A



# സമഗ്ര ശിക്ഷാ കേരളം

# വാർഷിക മൂല്യനിർണയം 2021-22

## മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 7

സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ 8 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ 5 എണ്ണത്തിന് മാത്രം ഉത്തരമെഴുതിയാൽ മതി.

---

പ്രവർത്തനം 1 വായിക്കാം കണ്ടെത്താം

താഴെ തന്നിരിക്കുന്ന വിവരണം വായിക്കൂ

അതാ ഞാവൽക്കൊമ്പിലിരുന്നു പഴം കൊറിക്കുന്നതിനിടയിൽ നമ്മെ ചെരിഞ്ഞുനോക്കുന്നത് മലന്തത്തയാണ്. കുടപോലെ വരിവരിയായി ഞാലുന്നത് വവ്വാലുകളാണ്. ക്ടോം ക്ടോം എന്ന് കേട്ടത് ചുവന്ന തൊപ്പിക്കാരൻ മരംകൊത്തി പണിയെടുക്കുന്നതാണ്. ചൂളമടിക്കുന്നത് സ്കൂൾ കുട്ടിയല്ല. ചൂളക്കാക്കയെന്ന പാട്ടുകാരനാണ്. ഇലപ്പച്ചയ്ക്കിടയിൽ വീശിയ പൊന്നൊളി മഞ്ഞക്കിളിയുടേതാണ്. മുഴങ്ങിയിരമ്പുന്നത് മലമുഴക്കി വേഴാമ്പലിന്റേതാണ്.പുഴയിലേക്കാരോ നീലക്കല്ലു വീശിയെറിഞ്ഞതുപോലെ ചെന്നു വീണതു നീലപൊന്മാനാണ്. അമർത്തിമൂളുന്നതു കാട്ടുപ്രാവാണ്. പരുന്തിനെയും കുരങ്ങനെയും മരംകൊത്തിയെയും മൈനയേയുമെല്ലാം അനുകരിച്ചു നമ്മെ വിഷമിപ്പിച്ചു രസിക്കുന്നത് മിമിക്രിവിദഗ്ധനായ കാക്കത്തമ്പുരാട്ടിയാണ്.

-സുഗതകുമാരി

ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തൂ.

എ). വിവരണത്തിൽ ചൂളമടിക്കുന്നത് ആരാണെന്നാണ് പറയുന്നത്?

(മരംകൊത്തി, സ്കൂൾകുട്ടി, ചൂളക്കാക്ക)

ബി). കാട്ടിലെ മിമിക്രി വിദഗ്ധനാരാണ്?

(പൊന്മാൻ, കാക്കത്തമ്പുരാട്ടി, വേഴാമ്പൽ)

സി). മഞ്ഞക്കിളിയെ 'പൊന്നൊളി' എന്ന് വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

(മഞ്ഞക്കിളിക്ക് പൊന്നിന്റെ നിറമായതിനാൽ, മഞ്ഞക്കിളി അപൂർവ്വ പക്ഷിയായതിനാൽ, മഞ്ഞക്കിളി പറന്നു നടക്കുന്നതിനാൽ)

ഡി). പൊന്മാൻ പുഴയിലേക്കു വീണതെങ്ങനെ?

(ചിറകുവിടർത്തി, നീലക്കല്ലു പോലെ, പാട്ടുപാടി)

ഇ).'കഴിവുള്ളവൻ'എന്നർത്ഥം വരുന്ന ഏതു പദമാണ് വിവരണത്തിലുള്ളത്?

(തൊപ്പിക്കാരൻ, വിദഗ്ധൻ, ഞാലുന്നത്)

പ്രവർത്തനം 2. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാം

സൂഫിയായും സന്യാസിയായും ഹോട്ടൽ ജീവനക്കാരനായുമൊക്കെ ഒട്ടേറെ ജീവിതാനുഭവങ്ങൾ നേടിയ എഴുത്തുകാരനാണ് ബഷീർ.




**എ).** ഈ സൂചനകളെല്ലാം ഉൾപ്പെടുത്തി വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൂ.

**ബി).** "ഞാൻ പകൽ 4 മണിക്കേ ഉണരൂ".

കഥാകൃത്ത് വൈകി ഉണരാൻ കാരണമെന്ത്?

(ചായയും ഊണും ലാഭിക്കാൻ, ക്ഷീണം കൊണ്ട്, രാത്രി ഉറക്കമൊഴിച്ചതിനാൽ)

**സി).** ഇതിവിടെ ചെലവാക്കാൻ ഉദ്ദേശിക്കല്ലേ.!പണം വെച്ചിട്ടു പോ.... നിന്റെ കണ്ണു ഞാൻ ചൂരന്നെടുക്കും.....

ഇതിൽ ഹോട്ടൽക്കാരന്റെ ഏതു സ്വഭാവമാണ് പ്രകടമാകുന്നത്?

(സ്നേഹം, ക്രൂരത, ദയ)

**പ്രവർത്തനം 3. അനുഭവക്കുറിപ്പെഴുതാം.**

'കൊച്ചനുജൻ' എന്ന കവിതയിൽ ചേച്ചിയും അനുജനും തമ്മിലുള്ള ആത്മബന്ധം നാം കണ്ടു. ഈ കാർട്ടൂൺ ശ്രദ്ധിക്കൂ.



**എ).** നിങ്ങളുടെ ജീവിതത്തിലും ഇത്തരത്തിലുള്ള അനുഭവങ്ങൾ ഉണ്ടായിട്ടില്ലേ? കുടുംബാംഗങ്ങളുമൊത്തുള്ള, ഊഷ്മളമായ ഇത്തരം അനുഭവങ്ങൾ ഒരു കുറിപ്പായി എഴുതൂ.

**ബി).** "എന്തിനേ ചേച്ചി തൻ പുസ്തകങ്ങൾ
    എന്നലമാരയിൽ കൊണ്ടുവെച്ചു".

ചേച്ചി പുസ്തകങ്ങൾ അനുജന്റെ അലമാരയിൽ കൊണ്ടുവച്ചതെന്തിന്?

(ചേച്ചി മറ്റെങ്ങോ പോകുന്നതുകൊണ്ട്, അനുജൻ ചോദിച്ചതുകൊണ്ട്, ചേച്ചിക്ക് പുസ്തകങ്ങൾ ഇഷ്ടമല്ലാത്തതിനാൽ)

**സി).** ജീവിതചിന്തകൾ ആരുടെ ആത്മകഥയാണ്?

(ടി. പത്മനാഭൻ, കെ.പി. കേശവമേനോൻ, ഇടശ്ശേരി)

**പ്രവർത്തനം 4. വിശകലനക്കുറിപ്പെഴുതാം**

**എ).** 'അരങ്ങുണരുന്നു' എന്ന പാഠഭാഗത്തിന് സി.വി ബാലകൃഷ്ണൻ ഇങ്ങനെ പറയുന്നു. "മുൻവാതിൽ വെറുതെ ചാരിയേക്കും. അത്രതന്നെ" . ഇന്ന് അതുപോലെ മുൻ വാതിൽ ചാരിയിട്ട് രാത്രി പുറത്തുപോകാൻ നാം ധൈര്യപ്പെടുമോ? എന്തുകൊണ്ട്? സമൂഹത്തിന്റെ അവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

**ബി). മാതൃകപോലെ എഴുതാം.**

മനുഷ്യവർഗ്ഗം - മനുഷ്യരുടെ വർഗം

പുഴക്കര ....................

**സി).** 'അരങ്ങുണരുമ്പോൾ' എന്ന കൃതിയിൽ ദേശക്കാർ മുഴുവനും അരങ്ങിന്റെ മുൻപിൽ ഒത്തുകൂടും എന്നു പറയുന്നുണ്ട്. എന്തിനാണ് ഒത്തുകൂടുന്നത്?

(പൂരം കാണാൻ, നാടകം കാണാൻ, സിനിമ കാണാൻ)

പ്രവർത്തനം 5 പോസ്റ്റർ തയ്യാറാക്കാം

വെള്ളപ്പൊക്കം എന്ന കവിതയിൽ അറിവു നേടുന്നതിന്റെ പ്രാധാന്യം വിവരിക്കുന്നുണ്ടല്ലോ. ഈ വരികൾ വായിക്കൂ.....

പുസ്തകങ്ങളിലെന്തൊക്കെയുണ്ട്?
പുസ്തകങ്ങളിൽ വിസ്മയമുണ്ട്
പുസ്തകങ്ങളിൽ ആനന്ദമുണ്ട്
പുസ്തകങ്ങളിൽ വിജ്ഞാനമുണ്ട്.

-എൻ. വി. കൃഷ്ണവാര്യർ

വായനാ ദിനത്തോടനുബന്ധിച്ച് വായനയുടെയും അറിവിന്റെയും പ്രാധാന്യം സൂചിപ്പിക്കുന്ന പോസ്റ്റർ തയ്യാറാക്കുക.

പ്രവർത്തനം 6. വിലയിരുത്തൽക്കുറിപ്പ്

എ). 'മനുഷ്യനോടുള്ള സ്നേഹത്തേക്കാൾ പണത്തോടുള്ള സ്നേഹമാണ് അശ്വതി എന്ന കഥയിലെ കച്ചവടക്കാരനിൽ നിറഞ്ഞു നിൽക്കുന്നത്'.
ഈ വാക്യത്തിലെ ആശയത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

ബി). അശ്വതിയുടെ മുഖം പ്രകാശപൂരിതമായതെപ്പോൾ?
(ഭക്ഷണം കിട്ടിയപ്പോൾ, പൈസ കിട്ടിയപ്പോൾ, മിഠായി കിട്ടിയപ്പോൾ)

സി) നമ്മുടെ ലോകം രൂപപ്പെടുത്തേണ്ടതെങ്ങനെയാണ്?
(നമ്മുടെ പാരമ്പര്യത്തിനനുസരിച്ച്, നമ്മുടെ താത്പര്യത്തിനനുസരിച്ച്, നമ്മുടെ പരിസരത്തിനനുസരിച്ച്)

പ്രവർത്തനം 7 തലക്കെട്ടുനൽകാം

സ്നേഹത്തിന്റെ വിവിധ ഭാവങ്ങൾ കാണിക്കുന്ന രചനകൾ നിങ്ങൾ പരിചയപ്പെട്ടുവല്ലോ. സ്നേഹം തുളുമ്പുന്ന ഒരു കവിത വായിക്കൂ.

മുറ്റത്ത് നിൽക്കുന്ന ചെമ്പകത്തിൽ
പറ്റിയിരുന്നൊരു കാറ്റുമൂളി
ചുറ്റിനും പൂവുകൾ പുഞ്ചിരിച്ചു
പൂമണമെങ്ങും പരത്തി നിന്നു.

തെറ്റിയിൽ കാറ്റു പറന്നു ചെന്നു
നെറ്റിയിലുമ്മ പകർന്നു നൽകി.
പറ്റുന്നിടത്തൊക്കെ ഗന്ധമേകി
ഒറ്റയ്ക്കു കാറ്റു കുളിരു വീശി

തെറ്റി-തെച്ചി

ഉറ്റവരൊക്കെ പിരിഞ്ഞുപോയി
മുറ്റുമിരുട്ടിൽതനിച്ചു നിൽക്കേ
മറ്റാരുമില്ലാത്തവർക്കു വേണ്ടി
കാറ്റായി മാറാൻ കൊതിച്ചു ഞാനും

-അനീഷ് കെ. അയിലറ

എ). ഈ കവിതയ്ക്ക് യോജിക്കുന്ന തലക്കെട്ട് നിർദ്ദേശിക്കൂ

ബി). നിങ്ങളെഴുതിയ തലക്കെട്ട് കവിതയ്ക്ക് എത്രത്തോളം യോജിച്ചതാണ്? വിശദമാക്കുക.

പ്രവർത്തനം 6 .. അഭിപ്രായമെഴുതാം

ഉത്തമനും ജെൻട്രിയും പ്രകൃതിക്കു വേണ്ടി ഒരുമിക്കുന്നതു നാം കണ്ടു.

വിരിയുന്നു വീണ്ടും
മനസ്സിൽ പൂക്കാലം
ഒരുമ നട്ടൊരു
മഹാബലിക്കാലം...

- രാമകൃഷ്ണൻ കുമരനെല്ലൂർ

എ). കവിത വായിച്ചല്ലോ. ഒരുമിച്ചു നീങ്ങിയാൽ നമുക്ക് പ്രകൃതിയെ സംരക്ഷിക്കാനാവില്ലേ?
നിങ്ങളുടെ അഭിപ്രായം സൂചിപ്പിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

ബി). 'പാവം മീനുകൾ' എന്ന് ഉത്തമന് തോന്നാൻ കാരണമെന്ത്?
(അവയുടെ ജീവൻ നഷ്ടപ്പെട്ടതിനാൽ, അവയ്ക്ക് കടലും പുഴയും നഷ്ടപ്പെട്ടതിനാൽ, അവ നീന്തി ക്ഷീണിച്ചതിനാൽ)

സി). മാതൃക പോലെ എഴുതുക
നിയന്ത്രിക്കാനാവാത്തത് - അനിയന്ത്രിതം
നീതിയില്ലാത്തത് ...........................